പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1765 — 12.06.19 ൽ മറുപടിയ്ക്ക്

## സ്കൂൾ വാഹനങ്ങളിലെ സുരക്ഷാസംവിധാനം

| ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>ശ്രീ.എ കെ ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സ്കൂൾ വാഹനങ്ങളിൽ സുരക്ഷാസംവിധാനം ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സ്കൂൾ ബസ്സുകളുടേയും വിദ്യാർത്ഥി വിദ്യാർത്ഥിനികൾ യാത്ര ചെയ്യുന്ന മറ്റു വാഹനങ്ങളുടേയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരന്തര ജാഗ്രത പുലർത്തുന്നുണ്ട്. എല്ലാ അധ്യയന വർഷാരംഭത്തിലും എല്ലാ സ്കൂൾ ബസുകളും പരിശോധിച്ച് വാഹനങ്ങളുടെ ക്ഷമത, വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ, ബാഗുകൾ സൂക്ഷിയ്ക്കുന്നതിനുള്ള സൗകര്യം, വാതിലുകൾ, ഷട്ടറുകൾ എന്നിവ പരിശോധിച്ച് യോഗ്യമായവർക്ക് സ്റ്റിക്കർ പതിപ്പിച്ചു നൽകുന്നു. യാത്രാ ബസുകളിൽ കുട്ടികളെ കയറ്റുകയും അവരോട് ബസ് ജീവനക്കാർ മാന്യതയോടെ പെരുമാറുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുമായി ബസ്സ്റ്റാന്റ്, സ്കൂൾ പരിസരം എന്നിവിടങ്ങളിൽ പ്രത്യേക പരിശോധന നടത്തുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് ജി3/229/2019/പൊ.വി.വ എന്ന നമ്പരായി 27-05-2019-ൽ ഇറക്കിയ സർക്കുലർ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള മോട്ടോർ |

| | | | |
|---|---|---|---|
| | | | വാഹന ചട്ടം 153 D പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി സ്കൂൾ വാഹനങ്ങളും കുട്ടികളെ കയറ്റുന്ന മറ്റു വാഹനങ്ങളും നിരന്തര പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. അമിതമായി കുട്ടികളെ കയറ്റി വരുന്ന വാഹനങ്ങളുടെ ഡ്രൈവർമാരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും ഓട്ടോറിക്ഷകളുടേയും സ്കൂൾ വാഹനങ്ങളുടേയും പെർമിറ്റ് റദ്ദ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ സ്കൂളുകളിലും ഒരു അധ്യാപകനെ/അധ്യാപികയെ നോഡൽ ഓഫീസറായി നിയമിക്കുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സ്കൂൾ ബസ്സുകളിൽ ജി.പി.എസ്.സംവിധാനം നിർബന്ധമാക്കിയിട്ടുണ്ടോ; | (ബി) | 01.06.2019 മുതൽ സംസ്ഥാനത്ത് സ്കൂൾ വാഹനങ്ങളിൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സംവിധാനം(VLTD) നിർബന്ധമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ബസ്സുകളിൽ വേഗപ്പൂട്ട് ഘടിപ്പിക്കുന്നതിനും ഡ്രൈവർമാർക്ക് ബോധവൽക്കരണം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | വേഗപ്പൂട്ട് സംവിധാനം സ്കൂൾ വാഹനങ്ങളിൽ നിർബന്ധമാക്കിയിട്ടുള്ളതും, പരിശോധനാ വേളകളിലും, ഫിറ്റ്നസ് ടെസ്റ്റ് സമയത്തിലും ഇക്കാര്യങ്ങൾ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. അതോടൊപ്പം, അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുൻപ് തന്നെ ഡ്രൈവർമാർക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ